# കേരള സർവകലാശാല

നം.പി.ആർ.221/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ (വയലിൻ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് ഒക്ടോബർ 29 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രബന്ധം/വാചാ പരീക്ഷ

നാലാം സെമസ്റ്റർ എം.ടെക്ക് പ്രബന്ധ സമർപ്പണത്തിന്റേയും വാചാപരീക്ഷയുടേയും ഓൺലൈൻ രജിസ്ട്രേഷൻ (2013 സ്കീം സപ്ലിമെന്ററി) ആരംഭിച്ചു. പിഴ കൂടാതെ നവംബർ 2 വരെയും പിഴയോടു കൂടി നവംബർ 11 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷ ജൂലായ് 2019-ന്റെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധ നയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കുന്നതിനു വേണ്ടിയുള്ള അവസാന തീയതി നവംബർ 1. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ മ്യൂസിക്, മ്യൂസിക് (വയലിൻ), എം.എ ഡാൻസ് (കേരളനടനം), എം.എസ്സി.മൈക്രോബയോളജി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ഒക്ടോബർ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ലൈബ്രറി സയൻസ് കോഴ്സ് സീറ്റൊഴിവ്

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ഗവണ്മെന്റ്/പി.എസ്സ്.സി അംഗീകൃത ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് ശാസ്താംകോട്ട യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് 9447321507, 9995454768.

# പരീക്ഷാഫീസ്

2019 ഡിസംബർ നാലാം തീയതി ആരംഭിക്കുന്ന സി.ബി.സി.എസ് അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം പരീക്ഷകളുടെ (2017 അഡ്മിഷൻ റഗുലർ, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 30 വരെയും 150 രൂപ പിഴയോടു കൂടി നവംബർ 1 വരെയും 400 രൂപ പിഴയോടു കൂടി നവംബർ 4 വരെയും ഓൺലൈനായി ഒക്ടോബർ 25 മുതൽ അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ കൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

2019 ഡിസംബർ നാലാം തീയതി ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി.പി.എ/ ബി.എം.എസ്/ ബി.എസ്. ഡബ്ല്യു / ബി. വോക് പരീക്ഷകളുടെ (2017 അഡ്മിഷൻ റഗുലർ, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 30 വരെയും 150 രൂപ പിഴയോടു കൂടി നവംബർ 1 വരെയും 400 രൂപ പിഴ യോടു കൂടി നവംബർ 4 വരെയും ഓൺലൈനായി ഒക്ടോബർ 25 മുതൽ അപേക്ഷിക്കാ വുന്നതാണ്. ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

തിരുവനന്തപുരം.
23.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ